പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ: 359 | 31.1.2014-ൽ മറുപടിക്ക്

## തിരുവനന്തപുരം ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ.എളമരം കരീം<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.പി.കെ.ഗുരുദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ടൈറ്റാനിയം നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്; പ്രായോഗിക പരിമിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് ശക്തമായ നടപടികൾ കമ്പനി സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് പ്രവർത്തന മൂലധനമായി 5 കോടി രൂപ സർക്കാർ അനുവദിക്കുകയുണ്ടായി. |
| (ബി) അടിയന്തിരമായി മാലിന്യ സംസ്കരണ പ്ലാൻറ് സ്ഥാപിച്ചില്ലെങ്കിൽ പ്രസ്തുത കമ്പനി അടച്ചുപൂട്ടേണ്ടിവരുമെന്ന മുന്നറിയിപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻെറ വിശദാംശം ലഭ്യമാക്കുമോ; | (ബി) മാലിന്യ സംസ്കരണ പ്ലാൻറ് പ്രവർത്തനം തുടങ്ങാത്തതിൻെറ പേരിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 5.9.2013-ന് ഒരു കാരണം കാണിക്കൽ നോട്ടീസ് ലഭിച്ചിരുന്നു. ഇത് കെ.എസ്.പി.സി.ബി-യുടെ സമ്മതത്തോടെ കമ്പനി തുടർന്ന് പ്രവർത്തിക്കാനുള്ള ടി.ടി.പി.യുടെ അപേക്ഷ നിരസിച്ചുകൊണ്ടായിരുന്നു. കെ.എസ്.പി.സി.ബി അധികൃതരുമായുള്ള ചർച്ചയ്ക്ക് ശേഷം കമ്പനി ഇതിന് മറുപടി നൽകിയിരുന്നു.<br><br>മലിനജലം സംസ്കരിച്ച് അത് തിരിച്ച് ഉപയോഗിക്കുവാനുള്ള പ്ലാൻറിൻെറ (Neutralization Plant with water Recovery Module) പണി പൂർത്തിയായി കമ്മീഷൻ ചെയ്യാൻ തയ്യാറായിരിക്കുകയാണ്. കമ്മീഷനിംഗിനാവശ്യമായ കെമിക്കൽസ് എത്തിച്ചേർന്നിട്ടുണ്ട്. പ്രവർത്തനം തുടങ്ങുന്നതിൻെറ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |

(സി) കമ്പനിക്കാവശ്യമായ ഇൽമനൈറ്റ് വാങ്ങിയിരുന്നത് എവിടെ നിന്നായിരുന്നു; ഇത് ഇപ്പോൾ നിർത്തലാക്കി പകരം തമിഴ് നാട്ടിലെ സ്വകാര്യ കമ്പനികളിൽ നിന്നും വാങ്ങാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) 2008-2009 സാമ്പത്തിക വർഷം വരെ കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ ഐ.ആർ.ഇ.യിൽ നിന്നാണ് ഇൽമനൈറ്റ് പൂർണ്ണമായും ലഭ്യമായിരുന്നത്. എന്നാൽ പ്രസ്തുത കാലയളവിന് ശേഷം വിവിധ കാരണങ്ങളാൽ ഐ.ആർ.ഇ.യിൽ നിന്നുമുള്ള ഇൽമനൈറ്റിൻെറ ലഭ്യത കുറവായതിനെ തുടർന്ന് മത്സരാധിഷ്ഠിത ദർഘാസ് മുഖേന സ്വകാര്യ കമ്പനികളിൽനിന്നുകൂടി ഇൽമനൈറ്റ് വാങ്ങേണ്ട സാഹചര്യം നിലവിൽ വരികയുണ്ടായി. ഐ.ആർ.ഇ.യിൽ നിന്നും ലഭ്യമായ ഇൽമനൈറ്റ് പൂർണ്ണമായിതന്നെ വാങ്ങിക്കുവാൻ കമ്പനി പ്രത്യേക ശ്രദ്ധചെലുത്തുന്നുണ്ട്. ഐ.ആർ.ഇ.യിൽ നിന്നും ലഭിക്കുന്ന ഇൽമനൈറ്റിൻെറ കുറവ് പരിഹരിക്കുവാൻ മാത്രമാണ് മറ്റ് കമ്പനികളെ ആശ്രയിക്കുന്നത്.

(ഡി) ടൈറ്റാനിയം ഉൽപ്പന്നമായ ടൈറ്റാനിയം ഡൈഓക്സൈഡ്, ഇൽമനൈറ്റ് നൽകുന്ന സ്വകാര്യ കമ്പനിക്ക് നൽകുന്നതിൽ ടൈറ്റാനിയം നഷ്ടം നേരിടേണ്ടിവരുന്നുണ്ടോ;

(ഡി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൻെറ ഉൽപ്പന്നമായ ടൈറ്റാനിയം ഡയോക്സൈഡ്, ഇൽമനൈറ്റ് നൽകുന്ന സ്വകാര്യ കമ്പനികൾക്ക് നൽകിയത് മറ്റ് ടൈറ്റാനിയം ഡയോക്സൈഡ് സ്റ്റോക്കിസ്റ്റുകൾക്കും ട്രേഡർമാർക്കും ബാധകമായ അതേ നിരക്കിലും നിബന്ധനകൾക്കും അനുസൃതമായി മാത്രമാണ്. ആയതിനാൽ ഇൽമനൈറ്റ് നൽകുന്ന സ്വകാര്യ കമ്പനികൾക്ക് ടൈറ്റാനിയം ഡയോക്സൈഡ് നൽകിയതിൽ നഷ്ടം നേരിടേണ്ടി വന്നിട്ടില്ല.

(ഇ) എങ്കിൽ നഷ്ടം സഹിച്ച് ടൈറ്റാനിയം ഉൽപ്പന്നങ്ങൾ നൽകുന്നതിനുണ്ടായ കാരണം വിശദമാക്കുമോ?

(ഇ) ബാധകമല്ല.

സെക്ഷൻ ഓഫീസർ